LIBRARY ARCHIVES Kerala Legislative Assembly

ജില്ല	എം. ടെക്
തിരുവനന്തപുരം	561
കൊല്ലം	104
ആലപ്പുഴ	86
കോട്ടയം	144
പത്തനംതിട്ട	50
എറണാകുളം	175
തൃശ്ശൂർ	198
പാലക്കാട്	95
മലപ്പുറം	....
ഇടുക്കി	144
വയനാട്	36
കോഴിക്കോട്	54
കണ്ണൂർ	90
കാസർഗോഡ്	42
ആകെ	1779

ബി.ടെക് സീറ്റുകളുടെ വിവരങ്ങൾ അന്യത്ര ചേർക്കുന്നു.*

കണ്ണൂർ സർവ്വകലാശാലയിലെ ചട്ടവിരുദ്ധ ഇടപാട്

49 (2540) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ സർവ്വകലാശാലയുടെ ചട്ടവിരുദ്ധ ഇടപാടുകളിൽ 7.49 കോടി രൂപയുടെ അധിക ബാദ്ധ്യത വന്നതായി ഓഡിറ്റിൽ കണ്ടെത്തിയതായുള്ള മാധ്യമ വാർത്തകൾ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) കൂടാതെ, ആസ്ഥാന മന്ദിരനിർമ്മാണത്തിനായുള്ള ഭൂമി നിരപ്പാക്കലിന് ടെണ്ടർ നടപടികൾ പാലിക്കാതെയാണ് കരാർ നൽകിയതെന്ന ആരോപണം ശരിയാണോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സിൻഡിക്കേറ്റിന്റെ അനുവാദമില്ലാതെ മഞ്ചേശ്വരത്ത് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യൻ ലാൻഗ്വേജിനായി കെട്ടിടനിർമ്മാണം ആരംഭിച്ചു എന്ന ആരോപണം ശരിയാണോ ;

(ഡി) എങ്കിൽ ഇതിന് ഉത്തരവാദികളായവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) കണ്ണൂർ സർവ്വകലാശാലയുടെ ചട്ടവിരുദ്ധ ഇടപാടുകളിൽ 7.49 കോടി രൂപയുടെ അധിക ബാധ്യത വന്നതായി ഓഡിറ്റിൽ കണ്ടെത്തിയതായുള്ള ചില മാധ്യമ വാർത്തകൾ വന്നിരുന്നു.

(ബി) ആസ്ഥാന മന്ദിര നിർമ്മാണത്തിനായുള്ള ഭൂമി നിരപ്പാക്കലിനുമാത്രമായി പ്രത്യേക ടെൻഡർ/ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. സെൻട്രൽ ലൈബ്രറി ബിൽഡിങ്ങിനായി ക്ഷണിച്ച ടെൻഡറിൽ ഉൾപ്പെട്ടതാണ് ഭൂമി നിരപ്പാക്കലുമായി ബന്ധപ്പെട്ട പ്രവർത്തികൾ.

(സി&ഡി) ശരിയല്ല. 29-9-2011-ൽ നടന്നിട്ടുള്ള സ്റ്റാൻഡിങ് കമ്മിറ്റിയിൽ ഓൺ വർക്സ് ആൻഡ് പ്ലാനിങ് കമ്മിറ്റി മീറ്റിംഗിൽ മഞ്ചേശ്വരം കാമ്പസിനായി കെട്ടിടം നിർമ്മിക്കുവാൻ തീരുമാനിക്കുകയും പ്രസ്തുത തീരുമാനം സിൻഡിക്കേറ്റ് അംഗീകരിക്കുകയും ചെയ്തു.

ഓൺലൈൻ സംവിധാനം

50 (2541) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലകളെയും അവയ്ക്കുകീഴിലുള്ള കോളേജുകളേയും ബന്ധിപ്പിച്ച് കൊണ്ടുള്ള ഓൺലൈൻ സംവിധാനം നിലവിലുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ സർവ്വകലാശാലകളിലാണ് ആയത് നടപ്പാക്കിയിട്ടുള്ളത് ;

(സി) ഇല്ലെങ്കിൽ 2014-15-ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പ്രസ്തുതകാര്യം നടപ്പിലാക്കാത്തതിന്റെ കാരണം വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly